പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1695

16.06.2014-ലെ മറുപടിക്ക്.

## കോടതികളിലെ താൽക്കാലിക നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.രാജു | ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) കോടതികളിൽ താൽക്കാലിക നിയമനം നടത്തരുതെന്ന സുപ്രീം കോടതി വിധി നിലവിലുണ്ടോ; | (എ) ബഹു. സുപ്രീം കോടതിയുടെ Civil Appeal 979/2014 ലെ 12.02.2014-ലെ വിധി ന്യായമനുസരിച്ച് ഹൈക്കോടതികളിലെയും കീഴ്കോടതികളിലെയും തസ്തികകളിലുള്ള ഒഴിവുകൾ നിലവിലുള്ള നിയമമനുസരിച്ച് ഭരണഘടനയിലെ ആർട്ടിക്കിൾ 14, 16 അനുസൃതമായി നികത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) കേരളത്തിൽ വിവിധ ജില്ലകളിലായി തുടങ്ങുന്ന 27 പുതിയ കോടതികളിൽ ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ താൽക്കാലിക നിയമനം നടത്തുന്നതിന് ഉത്തരവ് ആയിട്ടുണ്ടോ;<br>(സി) എൽ.ഡി.ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് റാങ്ക് ലിസ്റ്റുകളിൽ നിന്ന് നിരവധി പേർ നിയമനം കാത്തിരിക്കെ ഇത്തരം താൽക്കാലിക നിയമനങ്ങൾ കോടതി വിധിക്ക് എതിരായിട്ടുള്ളതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് റദ്ദാക്കുമോ? | (ബിയും, സിയും) 13-ാം ധനകാര്യകമ്മീഷന്റെ ഗ്രാന്റ് വിനിയോഗിച്ചാണ് 27 താൽക്കാലിക കോടതികൾ സ്ഥാപിച്ചിരിക്കുന്നത്. ഗ്രാന്റിന്റെ കാലാവധി തീരുന്ന 31.03.2015 വരെയാണ് പ്രസ്തുത കോടതികൾ അനുവദിച്ചിരിക്കുന്നത് എന്നതിനാലാണ് താൽക്കാലിക ജീവനക്കാരെ നിയമിക്കാൻ ഉത്തരവായിട്ടുള്ളത്. ആയതിനാൽ ഇത് കോടതിവിധിയ്ക്ക് എതിരായിട്ടുള്ളതല്ല. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ